(സി)	നിർമ്മാണചെലവ്	..	21,93,334
	അറ്റകുറ്റ പണികൾ	..	2,00,000
	വരവ്	..	6,60,000

കോഴിക്കോട് ജില്ലയിലെ ടൂറിസം പദ്ധതികൾ

268 [1221] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം ടൂറിസം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; ഓരോ പദ്ധതിക്കും അനുവദിച്ച തുകയെത്ര;

(ബി) എത്ര പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്;

(സി) ഓരോ പദ്ധതിയുടെയും ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുബന്ധമായി (എ) ചേർത്തിട്ടുണ്ട്.†

(ബി) എല്ലാ പദ്ധതികൾക്കും തുടക്കം കുറിച്ചിട്ടുണ്ട്.

(സി) അനുബന്ധമായി (ബി) ചേർത്തിട്ടുണ്ട്.†

അഴീക്കോട് – മീൻകുന്ന് ബീച്ച് നവീകരണം

269 [1222] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഴീക്കോട്-മീൻകുന്ന് ബീച്ച് നവീകരണം സംബന്ധിച്ച് സർക്കാർ ഏതെങ്കിലും തരത്തിലുള്ള നയപരമായ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കണ്ണൂർ ജില്ലയിലെ വിനോദസഞ്ചാരമേഖലയിൽ വലിയ വികസന സാദ്ധ്യതയുള്ള അഴീക്കോട്-മീൻകുന്ന് ബീച്ച് നവീകരണത്തിന് സത്വര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) – (സി) ഉണ്ട്. പരിസ്ഥിതിക്ക് കോട്ടം തട്ടാതെ ബീച്ച് വികസിപ്പിക്കുന്നതിനു വേണ്ടി കുട്ടികളുടെ കളിസ്ഥലം വികസിപ്പിക്കുക, വാഹനങ്ങൾക്കുള്ള പാർക്കിങ്ങ്

† അനുബന്ധം XIV

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യം വർദ്ധിപ്പിക്കുക, കുടിവെള്ളം ലഭ്യമാക്കുക, ദീപാലങ്കാരത്തിനുള്ള സംവിധാനം ഏർപ്പെടുത്തുക, പുൽത്തകിടി വച്ചുപിടിപ്പിക്കുക തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ബീച്ച് നവീകരണത്തിനും ഉതകുന്ന 32.5 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ കേന്ദ്ര ടൂറിസം വകുപ്പിന്റെ ധനസഹായം ലഭ്യമാക്കി കൂടുതൽ വികസന പ്രവർത്തനങ്ങൾക്ക് രൂപം നൽകാനും ശ്രമങ്ങൾ നടത്തി വരുന്നു.

കണ്ണൂർ ജില്ലയിലെ ഇക്കോ ടൂറിസം കേന്ദ്രങ്ങൾ

270 [1223] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ സർക്കാർ സഹായം ഉപയോഗിച്ച് വികസിപ്പിക്കാനുദ്ദേശിക്കുന്ന ഇക്കോ ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലയിലെ ഇക്കോ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ എന്തൊക്കെ വികസനങ്ങളാണ് ഈ സർക്കാർ നടപ്പിലാക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) കണ്ണൂർ ജില്ലയിലെ തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ നരിക്കോട് മല, വാഴമല പ്രദേശത്ത് ടൂറിസ്റ്റ് പദ്ധതിക്ക് രൂപം കൊടുക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ ആറളം വന്യജീവിസങ്കേതം സർക്കാർ സഹായം ഉപയോഗിച്ച് വികസിപ്പിക്കുകയും അത് വിനോദസഞ്ചാരികൾക്ക് തുറന്നുകൊടുക്കുകയും ചെയ്തു. പൈതൽമല കേന്ദ്രീകരിച്ച് ഇക്കോ ടൂറിസം പദ്ധതി വികസിപ്പിച്ചു വരുന്നു.

(ബി) (1) ജില്ലയിലെ ഇക്കോ ടൂറിസം കേന്ദ്രമായ ആറളം വന്യജീവി സങ്കേതത്തിൽ ട്രക്കിംഗ്, നേച്ചർ ട്രയിൽ, ഇന്റർപ്രട്ടേഷൻ സെന്റർ, ട്രക്ക് പാത്ത് നിർമ്മാണം, ആദിവാസി യുവാക്കൾക്ക് പരിശീലനം നൽകുക, പ്രധാനപ്പെട്ട സ്ഥലങ്ങളിൽ പരസ്യ ബോർഡുകൾ സ്ഥാപിക്കുക, പ്രാഥമിക ആവശ്യങ്ങൾക്കുള്ള സംവിധാനം ഏർപ്പെടുത്തുക, വെബ്സൈറ്റ് രൂപീകരിക്കുക എന്നീ വികസനങ്ങളാണ് ഒന്നും രണ്ടും ഘട്ടങ്ങളായി പൂർത്തിയാക്കാനുദ്ദേശിക്കുന്നത്.

(2) പൈതൽ മലയിൽ ട്രക്കിംഗ് റൂട്ട് നിർമ്മാണം, സൈനേജ് ബോർഡുകൾ സ്ഥാപിക്കൽ, ക്യാമ്പിങ് സൗകര്യങ്ങൾ, അതിനുള്ള ഉപകരണങ്ങൾ വാങ്ങൽ, ടിക്കറ്റ് കൗണ്ടർ, ടോയ്ലറ്റ് ബ്ലോക്ക്, ഇൻഫർമേഷൻ സെന്റർ എന്നിവയുടെ നിർമ്മാണം എന്നീ വികസനങ്ങളാണ് ഉദ്ദേശിക്കുന്നത്.

GPM. 2/567/2012—37

LIBRARY ARCHIVES Kerala Legislative Assembly